# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1754** 10.02.2020 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകൾ ദേശീയ/അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി

*ചോദ്യം* | *ഉത്തരം*

**ശ്രീ. വി. അബ്ദുറഹിമാൻ**

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ ദേശീയ/അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ സർവകലാശാലകൾ ദേശീയ/അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. **കരിക്കുലം പരിഷ്ക്കരണം:-** ബിരുദതല വിദ്യാഭ്യാസം Choice Based Credit Semester System (CBCSS) മാതൃകയിൽ പുന:സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകി എല്ലാവർക്കും ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോട് ഈ സമ്പ്രദായം സംസ്ഥാനത്ത് 2009-10 മുതൽ നടപ്പിലാക്കി തുടങ്ങി. ഇതിന് ചുവട് പിടിച്ച് കേരളത്തിലെ സർവ്വകലാശാലകൾ ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും പുന:സംഘടിപ്പിച്ചു.<br>ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുന:സംഘടിപ്പിക്കുന്നതിന് വേണ്ടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ.ഡി. ജമ്മീസിന്റെ അദ്ധ്യക്ഷത |

യിലുള്ള വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് ചർച്ചക്കായി സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി നൽകുന്ന കരിക്കുലം ഫ്രെയിം വർക്കിൽ, വൈജ്ഞാനിക രംഗത്തെ പുതിയ അറിവുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതികൾ രൂപീകരിക്കാനാണ് സർവ്വകലാശാലകൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകി വരുന്നത്.

2. **ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകളും (GA)**:- ഔട്ട്കം ബെയ്സ്ഡ് എഡ്യുക്കേഷനും ഗ്രാജ്യുവേറ്റ് ആട്രിബുട്ടുകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്ക്കരണത്തിനാണ് ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഔട്ട്കം ബെയ്സ്ഡ് എഡ്യുക്കേഷനുമായി ബന്ധപ്പെട്ട് സിലബസ്സിലും കരിക്കുലത്തിലും മൂല്യനിർണ്ണയത്തിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇതിനായുള്ള പരിശീലനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് നൽകിക്കഴിഞ്ഞു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. എൻ.ജെ റാവുവിന്റെ നേതൃത്വത്തിലാണ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലനം നൽകിയത്. സംസ്ഥാനത്തെ സ്വയംഭരണ

കോളേജുകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കും മറ്റ് കോളേജുകളിലെ അദ്ധ്യാപകർക്കാ യുള്ള പരിശീലന പരിപാടികൾ നടന്നു വരുന്നു.

3. **ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ (FTC):-** ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചത്. Humanities & Social Science, Science, Commerce and Management എന്നീ സ്ട്രീമുകളിൽ അദ്ധ്യാപകർക്കായി പരിശീലനം സംഘടിപ്പിക്കുന്നു.
4. ***ചാൻസിലേഴ്സ് അവാർഡ്:-*** *ബഹു.കേരളാ ഗവർണർ മുൻകൈയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. നിലവിൽ രണ്ട് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി 12 വർഷം കഴിയാത്ത സർവകലാശാലകളെ "Emerging and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 1 കോടി രൂപയും അല്ലാത്തവയ്ക്ക് 5 കോടി രൂപയുമാണ് അവാർഡായി നല്കുന്നത്.*

സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി റൂസ ഒന്നാം ഘട്ടത്തിൽ ഉയർന്ന NAAC grade ഉള്ള കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും ഘടകം 3 പ്രകാരം 20 കോടി രൂപ വീതം നൽകുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്. കൂടാതെ, റൂസ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഗവേഷണമേഖലയിലെ ഗുണനിലവാരം ഉയർത്തുന്നതിനു വേണ്ടി 50 കോടി ലഭിക്കുന്ന

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഗവേഷണ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച കുസാറ്റ്, മഹാത്മാ ഗാന്ധി സർവ്വകലാശാല എന്നിവർ പങ്കാളികളാണ്.<br>റൂസയുടെ ഭാഗമായി സർക്കാർ കോളേജുകളെ പരസ്പരം ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിങ് സംവിധാനം തിരഞ്ഞെടുക്കപ്പെട്ട സർക്കാർ കോളേജുകളിലെ സ്ത്രീ-സൗഹൃദ കേന്ദ്രങ്ങൾ എന്നിവയും സംസ്ഥാനത്തെ സർവ്വകലാശാലകളെ ദേശീയ/അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച വിവിധ പദ്ധതികളാണ്. |
| (ബി) | സർവ്വകലാശാലകളിൽ കാലിക പ്രസക്തിയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ സർവകലാശാലകളിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഗവേണിംഗ് ബോഡി യോഗം സമിതി രൂപീകരിച്ചു. പ്രൊഫ. രാജൻ ഗുരുക്കൾ, ഡോ. ബി ഇക്ബാൽ, ഡോ. ഉഷാ ടൈറ്റസ് ഐ.എ.എസ്, പ്രൊഫ. സാബു തോമസ് (മഹാത്മാഗാന്ധി സർവകലാശാല), ഡോ. എ രാമചന്ദ്രൻ (കുഫോസ്), ഡോ. ആർ.വി.ജി മേനോൻ, എന്നിവരടങ്ങിയ സമിതിയാണ് പഠനം നടത്തുക. കോഴ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് യു.ജി.സി യുടെ ടെന്യുവർ ട്രാക്ക് സമ്പ്രദായത്തിന്റെ സാധ്യതകൾ ഈ സമിതി പരിശോധിക്കും.<br>ഒരു കോഴ്സിന്റെ ഓരോ സെമസ്റ്ററുകളും വിവിധ സർവകലാശാലകളിൽ പഠിക്കുന്നതിന് അവസരം ഒരുക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനുള്ള ചുമതലയും ഈ സമിതിയ്ക്കാണ്. |
| (സി) | സർക്കാർ കോളേജുകളിൽ അത്യാധുനിക രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് | (സി) | സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ അത്യാധുനിക രീതിയിലുള്ള അടിസ്ഥാന |

| | | | |
|---|---|---|---|
| | സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | | സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ താഴെപ്പറയുന്നവയാണ്.<br>1. റൂസ ഒന്നാംഘട്ടത്തിന്റെ ഭാഗമായി ഘടകം 7 പ്രകാരം അടിസ്ഥാന സൗകര്യവികസനത്തിന് 2 കോടി വീതം ലഭിക്കുന്ന പദ്ധതിയിൽ നിലവിൽ 22 ഗവൺമെന്റ് കോളേജുകൾ പങ്കാളികളാണ്.<br>2. റൂസ ഒന്നാംഘട്ടത്തിന്റെ തന്നെ ഭാഗമായി ഘടകം 5 പ്രകാരം മാതൃകാ ഡിഗ്രി കോളേജാക്കി ഉയർത്തുന്നതിന് 4 കോടി ലഭിക്കുന്ന പദ്ധതിയിൽ മൂന്നാർ ഗവൺമെന്റ് കോളേജ് ഭാഗമാണ്.<br>3. റൂസ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഘടകം 9 പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി 2 കോടി വീതം ലഭിക്കുന്ന പദ്ധതിയിൽ നിലവിൽ 14 ഗവൺമെന്റ് കോളേജുകൾ പങ്കാളികളാണ്.<br>4. റൂസ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഘടകം 8 പ്രകാരം സ്വയംഭരണ കോളേജുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ മേഖലയിലെ ഏക സ്വയംഭരണ കോളേജായ മഹാരാജാസിന് ഫണ്ട് ലഭിക്കാൻ വേണ്ട നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.<br>5. സർക്കാർ കോളേജുകളെ പരസ്പരം ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിങ് സംവിധാനം, തിരഞ്ഞെടുക്കപ്പെട്ട സർക്കാർ കോളേജുകളിലെ സ്ത്രീ-സൗഹൃദ കേന്ദ്രങ്ങൾ, അംഗപരിമിതർ ആയിട്ടുള്ള |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം എന്നിവ അടിസ്ഥാനസൗകര്യ വികസനത്തിനും ഗുണമേന്മ വർദ്ധനവിനുമായി ആവിഷ്കരിച്ച വിവിധ പദ്ധതികളാണ്.<br>റൂസ മുഖേന ലഭിക്കുന്ന ഫണ്ടുകൾ പ്രധാനമായും നിർമ്മാണം പുനരുദ്ധാരണം, പർച്ചേസ് എന്നിങ്ങനെ മൂന്നു രീതിയിലാണ് കൈകാര്യം ചെയ്യപ്പെടുന്നത്. ഇതിൽ മൊത്തം തുകയുടെ 50 % വരെ ആവശ്യമെങ്കിൽ നിർമ്മാണം, പുനരുദ്ധാരണം എന്നിവയിൽ ഉൾപ്പെടുത്തി ആധുനീകരണത്തിന് ഉപയോഗിക്കാവുന്നതാണ്.<br>സർക്കാർ കോളേജുകളിൽ അത്യാധുനിക രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>1. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ മിഷന്റെ ഭാഗമായി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഐ.ടി രംഗത്തെ നിലവാരം പ്രയോജനപ്പെടുത്തി വിവരസാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്ടിവിറ്റി എന്ന പദ്ധതി നടന്നു വരുന്നു.<br>2. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി ഗവേഷണ സ്ഥാപനങ്ങളെയും ഉന്നത വിദ്യപീഠങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 3. കേരളത്തിലെ സർക്കാർ കോളേജുകളിലെ ലൈബ്രറികളുടെയും ലബോറട്ടറികളുടെയും സമഗ്രവികസനത്തിനായി വകുപ്പിന് കീഴിൽ ലൈബ്രറി ലബോറട്ടറി വികസനം എന്ന പദ്ധതിയും നടത്തി വരുന്നു.<br>4. 2019-20 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി "Infrastructure Upgradation, Development & Maintenance of Govt. Colleges 4202-01-203-72" (ക്യാപിറ്റൽ) ശീർഷകത്തിൽ 30 കോടി രൂപയും "Quality Enhancement & Accreditation 4202-01-203-71" (ക്യാപിറ്റൽ) ശീർഷകത്തിൽ 10 കോടി രൂപയും "Infrastructure Upgradation, Development & Maintenance of Govt. Colleges 2202-02-103-50" (റവന്യൂ) ശീർഷകത്തിൽ 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി "Development of Libraries, Laboratories & Furniture 2202-03-103-76" (റവന്യൂ) ശീർഷകത്തിൽ 7.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2202-03-103-70 ASSET MAINTENANCE FUND ശീർഷകത്തിൽ 16,81,70,000/- രൂപ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ നിലവിലുള്ള asset ന്റെ maintenance – നും അനുവദിച്ചിട്ടുണ്ട്. കോളേജുകളിലെ ഡി.സി.സി ഫണ്ടും പ്രസ്തുത ആവശ്യത്തിനായി വിനിയോഗിക്കുന്നു.<br>5. സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി കോളേജുകളുടെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് 16/06/2018 ലെ സർക്കാർ ഉത്തരവ് നമ്പർ G.O(Ms) 1131/2017H.Edn പ്രകാരം 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും പ്രഖ്യാപിച്ചിരുന്നു. ഇതിനായി കോളേജുകളുടെ മാസ്റ്റർ പ്ലാൻ/ഡി.പി.ആർ തയ്യാറാക്കാൻ KITCO – ടെക്നിക്കൽ ടീം എന്നിവരെ സർക്കാർ തലത്തിൽ നിയമിച്ചിരുന്നു. KITCO – ടെക്നിക്കൽ ടീം എന്നിവർ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കോളേജ് തലത്തിൽ അംഗീകരിച്ച് KITE -KITCO മുഖാന്തിരം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതും, ആയത് സർക്കാർ തലത്തിൽ പരിശോധിച്ച് KIIFB യിലേക്ക് അപ് ലോഡ് ചെയ്യുന്നതിനുള്ള ഭരണാനുമതി KITCO യ്ക്ക് നൽകുകയും ആയത് പ്രകാരം അപ് ലോഡ് ചെയ്ത മാസ്റ്റർ പ്ലാൻ/ഡി.പി.ആർ KIIFB അവലോകനം നടത്തി 36 കോളേജുകൾക്ക് 260.77 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.